(സി) കൊല്ലം ജില്ലാ ആയുർവ്വേദാശുപത്രിയിൽ വൃദ്ധജന പരിപാലന കേന്ദ്രം ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ഡി) നടപ്പ് സാമ്പത്തിക വർഷം പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. 2015-16 സാമ്പത്തിക വർഷത്തിലെ പ്ലാൻ പ്രൊപ്പോസലിൽ കൊല്ലം ജില്ലാ ആയുർവേദ ആശുപത്രി 100 കിടക്കകളാക്കി ഉയർത്തുന്നതിന് തുക ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) തുക വകയിരുത്തിയിട്ടില്ല. 2015-16-ലെ പ്ലാൻ പ്രൊപ്പോസലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ഉണ്ട്. 2014-15 സാമ്പത്തിക വർഷം പ്ലാൻ ഫണ്ടിൽ 30 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനായി ടി തുക കൊല്ലം ജില്ലാ മെഡിക്കൽ ഓഫീസർക്ക് കൈമാറിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ഈ സാമ്പത്തിക വർഷം തന്നെ പദ്ധതി ആരംഭിക്കുന്നതാണ്.

ആയുർവേദ ഔഷധ സംഭരണം

125 (832) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആയുർവേദ മരുന്നുകൾ പ്ലാസ്റ്റിക് കുപ്പികളിൽ സൂക്ഷിക്കുന്നതിന്റെ ദോഷഫലങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച തുടർനടപടികൾ എന്തെല്ലാം ?

ഉത്തരം

(എ&ബി) ഇല്ല. ഫുഡ് ഗ്രേഡ് പ്ലാസ്റ്റിക് കൺടെയിനറിൽ നിറയ്ക്കുന്നവയ്ക്ക് പാർശ്വഫലങ്ങൾ ഉണ്ടായതായി ഇതുവരെ റിപ്പോർട്ടുകൾ ഒന്നും ലഭിച്ചിട്ടില്ല.

ആയുർവേദ മരുന്ന് വിൽപ്പനയിൽ നിയന്ത്രണം

126 (833) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആയുർവ്വേദ അരിഷ്ടങ്ങൾ, ആസവങ്ങൾ എന്നിവ വിൽക്കുന്നതിന് എന്തെങ്കിലും പുതിയ നിയന്ത്രണങ്ങൾ കൊണ്ടുവരുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ എന്തൊക്കെ നിയന്ത്രണങ്ങളാണ് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത് ; ഇത് സംബന്ധിച്ച് എന്തെങ്കിലും ഉത്തരവ് ഇറങ്ങിയിട്ടുണ്ടോ ;

(സി) ചില പ്രത്യേക അസുഖങ്ങൾക്കുള്ള ആയുർവ്വേദ മരുന്നുകളുടെ പരസ്യവും വിൽപ്പനയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം മരുന്നുകളുടെ പരസ്യങ്ങൾക്ക് നിയന്ത്രണം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) എക്സൈസ് വകപ്പ് ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയതായി അറിയുന്നു.

(ബി) അരിഷ്ടാസവങ്ങൾ ഉൾപ്പെടെയുള്ള ആയുർവേദ ഔഷധങ്ങൾ വിൽപ്പന നടത്തുന്ന സ്ഥാപനങ്ങൾക്ക് പ്രത്യേക രജിസ്ട്രേഷൻ ഏർപ്പെടുത്തുന്ന കാര്യം പരിശോധനയിലാണ്.

(സി) ഉണ്ട്. പരസ്യ നിയമം ലംഘിക്കുന്നവർക്കെതിരെ ഡ്രഗ്സ് ആന്റ് മാജിക് റമഡീസ് (ഒബ്ജക്ഷണബിൾ അഡ്വർട്ടൈസ്മെന്റ്)ആക്ട് 1954 പ്രകാരം ഡ്രഗ്സ് കൺട്രോൾ വകപ്പ് നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. ഇത്തരം 113 കേസുകൾ നിലവിലുണ്ട്.

പട്ടാമ്പി താലൂക്ക് ആശുപത്രിയിൽ കാരുണ്യ മെഡിക്കൽ സ്റ്റോർ

127 (834) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പട്ടാമ്പി താലൂക്ക് ആശുപത്രിയിൽ കാരുണ്യ മെഡിക്കൽ സ്റ്റോർ എന്നത്തേക്ക് തുടങ്ങുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

സംസ്ഥാനത്തൊട്ടാകെ 35 സർക്കാർ ആശുപത്രികളിൽ (മെഡിക്കൽ കോളേജുകൾ ഉൾപ്പെടെ) കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ ആരംഭിക്കാനാണ് അനുമതി ലഭിച്ചിട്ടുള്ളത്. ഇതിൽ 24 കമ്മ്യൂണിറ്റി ഫാർമസികൾ ഇതിനോടകം ആരംഭിച്ചു കഴിഞ്ഞു. അനുമതി ലഭിച്ച 35 ഫാർമസികളിൽ പട്ടാമ്പി താലൂക്കാശുപത്രി ഉൾപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly